# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2076** **19.06.2012 ൽ മറുപടിയ്ക്ക്**

## വനം വകുപ്പിൽ ഫോറസ്റ്റ് റെയ്ഞ്ചറുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. കെ. അജിത് | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന വനം വകുപ്പിൽ ഫോറസ്റ്റ് റേയ്ഞ്ചറുടെ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്നു മുതൽക്കുള്ളതാണെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാന വനം വകുപ്പിൽ ഇപ്പോൾ ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസർമാരുടെ 2 ഒഴിവുകൾ ഉണ്ട്. 31.05.2012, 01.06.2012 എന്നീ തീയതികൾ മുതലാണ് ടി ഒഴിവുകൾ നിലവിൽ വന്നിട്ടുള്ളത്. എന്നാൽ വനം വകുപ്പിൽ നിലവിലുണ്ടായിരുന്ന 25 റെയിഞ്ച് ഫോറസ്റ്റാഫീസർമാരുടെ ഒഴിവുകളിൽ കേരള പബ്ളിക് സർവീസ് കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് 25 പേരെ 2012 ഫെബ്രുവരിമാസം നിയമിക്കുകയും, അവരെ 14.02.2012 മുതൽ ആന്ധ്രാപ്രദേശിലെ ഫോറസ്റ്റ് അക്കാഡമിയിൽ തുടങ്ങിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കുള്ള 18 മാസത്തെ ട്രെയിനിംഗ് കോഴ്സിന് നിയോഗിക്കുകയും ചെയ്തിരിക്കുകയാണ്. ടിയാളുകളുടെ സേവനം 12 മാസത്തെ പ്രായോഗിക പരിശീലനം ഉൾപ്പെടെ 30 മാസം കഴിഞ്ഞാൽ മാത്രമേ ഡിപ്പാർട്ട്മെൻറിന് ലഭിക്കുകയുള്ളൂ. ടി 25 റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചപ്പോൾ ടി ഒഴിവുകൾ നികത്തപ്പെട്ടുവെങ്കിലും ടിയാളുകളെ ട്രെയിനിംഗിന് നിയോഗിച്ചതുകാരണം ഫീൽഡിൽ മേൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ആയതിനാൽ ട്രെയിനിംഗിന് നിയോഗിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിംഗ് കാലാവധിയായ 30 മാസത്തേയ്ക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് |

| | | | |
|---|---|---|---|
| | | | ഡെപ്യൂട്ടി റെയിഞ്ചർമാരെ ടി തസ്തികകളിലേയ്ക്ക് താല്ക്കാലികമായി പ്രൊമോട്ടു ചെയ്യുന്നതിന് 01.06.2012 ലെ ജി.ഒ.(എം.എസ്) നമ്പർ.62/2012 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സൂപ്പർ ന്യൂമററി തസ്തികകളിൽ ഡെപ്യൂട്ടി റെയിഞ്ചർമാരെ പ്രൊമോട്ട് ചെയ്ത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അവ നികത്താതിരിക്കുന്നതുമൂലം വകുപ്പ് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ദീർഘകാലം ഇത്ര ഒഴിവുകൾ നികത്തപ്പെടാതിരുന്ന അവസ്ഥ മുൻപ് ഉണ്ടായിട്ടുണ്ടോ; | (സി) | സാങ്കേതികമായി ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാലാണ് നികത്തപ്പെടാൻ കഴിയാതിരുന്നത്. |
| (ഡി) | പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാകുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഒഴിവുകൾ നികത്തുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | ഫോറസ്റ്റ് റെയ്ഞ്ചർമാരുടെ ഒഴിവുകൾ നികത്തപ്പെടാത്തതുമൂലം തൊട്ടുതാഴെയുള്ള തസ്തികകളിലെ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | പ്രൊമോഷൻമൂലം നികത്തുന്നതിന് റെയ്ഞ്ച് ഫോറസ്റ്റാഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. |
| (എഫ്) | റെയ്ഞ്ച് ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ ഓരോന്നിലും എത്ര വീതം ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസർമാരുടെ രണ്ട് ഒഴിവുകളും അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഒരു ഒഴിവും നിലവിലുണ്ട്, |

**സെക്ഷൻ ഓഫീസർ**